പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1790 **26-10-2026-ൽ മറുപടിയ്ക്ക്**

സംസ്ഥാനത്തിന്റെ പ്ലാൻ ചെലവുകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. കെ. സനോജ് ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) പ്ലാൻ സ്പേസ് പ്രകാരം 2026 ഒക്ടോബർ 14 വരെ സംസ്ഥാനത്തിന്റെ പ്ലാൻ ചെലവ് എത്രയാണ്;

മറുപടി: പ്ലാൻ സ്പേസ് പ്രകാരം നാളിതുവരെയുള്ള പദ്ധതി ചെലവ് 6062.78 കോടി രൂപയാണ്.

(ബി) പ്ലാൻ സ്പേസ് പ്രകാരം 2026 ഒക്ടോബർ 14 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ചെലവ് എത്രയാണ്;

മറുപടി: പ്ലാൻ സ്പേസ് പ്രകാരം നാളിതുവരെയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് 456.54 കോടി രൂപയാണ്.

(സി) G.O. (Ms) No. 84/2022/LSGD,G.O. (Ms) No. 86/2022/LSGD എന്നീ ഉത്തരവുകൾ പ്രകാരം അനുവദിക്കേണ്ട ക്യാരി ഓവർ ചെലവുകൾ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ;

മറുപടി: 16-ാം കേന്ദ്ര ധനകാര്യ കമ്മീഷൻ ശിപാർശപ്രകാരം നഗരസഭ തദ്ദേശ സ്ഥാപനങ്ങൾക്കുള്ള കേന്ദ്ര ബേസിക് ഗ്രാന്റ് ഉയർന്നതിനാൽ, സംസ്ഥാന വിഹിതമായ ജനറൽ സെക്ടറിലെ സാധാരണ വിഹിതം ₹300 കോടി രൂപയായി നിജപ്പെടുത്തിയിരുന്നു. എന്നാൽ നിലവിലുള്ള പ്രതിബദ്ധതകളും മുൻകാല സ്പിൽ ഓവർ പദ്ധതികളും പൂർത്തീകരിക്കുന്നതിന് തുക തികയാതെ വരികയും ഏകദേശം ₹322 കോടിയോളം രൂപയുടെ കുറവുണ്ടാകുകയും ചെയ്തു. പ്രസ്തുത സാഹചര്യത്തിൽ, സ്പിൽ ഓവർ പദ്ധതികളുടെ മൂന്നാം ഗഡു ബില്ലുകൾ മാറുന്നതിനായി നഗര തദ്ദേശ സ്ഥാപനങ്ങൾക്ക് ആകെ ₹325,09,53,545/- (₹325.09 കോടി), 07.08.2026 തീയതിയിലെ സ.ഉ.(സാധാ) നം. 6348/2026/ധന പ്രകാരം അനുവദിച്ചു. റൂറൽ ലോക്കൽ ബോഡീസിന് ഇപ്രകാരം കുറവ് നികത്തൽ തുക അനുവദിച്ചിട്ടില്ല.

(ഡി) ഈ സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആകെ അനുവദിക്കേണ്ട ഗ്രാന്റ്-ഇൻ-എയ്ഡ് തുക എത്രയാണ്;ഇതിൽ എത്ര തുക ഇതിനകം അനുവദിച്ചിട്ടുണ്ട്;

വിശദമാക്കാമോ?

മറുപടി: വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

Grant in Aid to LBs

Amount in Cr

Fund	Outlay	Release Amount	Remarks
Development Fund	6087.45	2029.15	Ist installment
Maintanance grant	4315.69	2877.12	Ist and 2nd installment
General Purpose fund	3231.77	1615.88	6 th installment
FC grant	2568.00	1356.37	Previous years arrear amount
Total	**16202.90**	**7878.53**	